**<u>ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ: ശാലിനി ഗോപിനാഥ് (PEN: 498485)

ക്ഷീര വികസന വകുപ്പ്- ജീവനക്കാര്യം- ശ്രീമതി. ഗായത്രി കെ എസ് (PEN: 843667), ക്ഷീര വികസന ഓഫീസർ - രാജി അപേക്ഷ സമർപ്പിച്ചത് - രാജി സ്വീകരിച്ച് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/1659/2025-ES1 തിരുവനന്തപുരം,തീയതി:20-09-2025

---

പരാമർശം:- 1. തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ 16.04.2025 ലെ DDTSR/301/2025-A നം. കത്ത്.

2.ശ്രീമതി. ഗായത്രി കെ എസ്, ക്ഷീര വികസന ഓഫീസറുടെ 15.04.2025 ലെ രാജി അപേക്ഷ

3. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളയുടെ 15.07.2025 ലെ GE 16/E/DAIRY/1076634/154 നം. കത്ത്

4. തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ 27.08.2025 ലെ DDTSR/301/2025-A നം. കത്ത്.

5. സ.ഉ(അ) നം. 46/2023/ധന. തീയതി. 08.05.2023

**<u>ഉത്തരവ്</u>**

ക്ഷീര വികസന വകുപ്പിൽ തൃശ്ശൂർ ഇരിങ്ങാലക്കുട ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീമതി. ഗായത്രി കെ എസ്, വ്യക്തിപരമായ കാരണങ്ങളാൽ, 16.04.2025 പൂർവ്വാഹ്നം പ്രാബല്യം വകുപ്പിൽ നിന്ന് രാജി വയ്ക്കുന്നതായി കാണിച്ച് മേൽ പരാമർശം (1), (2) പ്രകാരം അപേക്ഷ നൽകിയിരുന്നു. ടിയാന്റെ സേവന വിവരങ്ങളും സർക്കാരുമായുള്ള ബാദ്ധ്യതാ വിവരങ്ങളും പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുണ്ട്. ടിയാൻ നാളിതുവരെ വകുപ്പിൽ സേവനമനുഷ്ഠിച്ചിട്ടുള്ള പരപ്പനങ്ങാടി ക്ഷീര വികസന യൂണിറ്റ്, ഇടുക്കി ക്വാളിറ്റി കൺട്രോൾ ഓഫീസ്, ഇരിങ്ങാലക്കുട ക്ഷീര വികസന യൂണിറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ബാദ്ധ്യാതാ രഹിത സർട്ടിഫിക്കറ്റ് ടിയാൻ സമർപ്പിച്ചിട്ടുള്ള ബോണ്ടിന് വിധേയമായി പരാമർശം (4) പ്രകാരം തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറും ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (3), (4) പരിശോധിച്ചതിൽ ടിയാന് വകുപ്പുമായി ബന്ധപ്പെട്ടും

സർക്കാരുമായി ബന്ധപ്പെട്ടും ബാദ്ധ്യതകൾ ഇല്ലായെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി. ഗായത്രി കെ എസ്, ക്ഷീര വികസന ഓഫീസർ പരാമർശം (2) പ്രകാരം സമർപ്പിച്ചിട്ടുള്ള രാജിക്കത്ത്, കെ എസ് ആർ പാർട്ട് I ചട്ടം 23 സർക്കാർ തീരുമാനം 1 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, **16.04.2025** പൂർവ്വാഹ്നം പ്രാബല്യത്തിൽ സ്വീകരിച്ചതായി അംഗീകരിച്ചുകൊണ്ടും, ടി തസ്തികയുമായി ബന്ധപ്പെട്ടിട്ടുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും ഭാവിയിൽ യാതൊരുവിധ അവകാശവും ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് അറിയിച്ചുകൊണ്ടും ഉത്തരവാകുന്നു.

Signed by
Salini Gopinath
Date: 20-09-2025 13:58:54

**ഡയറക്ടർ**

ശ്രീമതി. ഗായത്രി കെ എസ്

അഭയം

**MRRA 22**

കൊളത്തേരി റോഡ്

പൂണിത്തുറ പി ഒ

എറണാകുളം

(തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

2)ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

4) ഡയറക്ടറുടെ സി എ

5) ഇ എസ്2/ ബി3/ എ1 സീറ്റുകൾ